പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1742

04.12.2015-ൽ മറുപടിക്ക്

## കാർഷിക വിഭവങ്ങളുടെ സംസ്കരണത്തിനുള്ള ചെറുകിട വ്യവസായങ്ങൾക്കുള്ള ലൈസൻസ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ | ഡോ: എം.കെ. മുനീർ (പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
| (എ) ഗ്രാമപ്രദേശങ്ങളിൽ രാസവസ്തുക്കൾ ഉപയോഗിക്കാത്തതും പരിസര മലിനീകരണമുണ്ടാക്കാത്തതും കാർഷിക വിഭവങ്ങളുടെ സംസ്കരണത്തിനുള്ളതുമായ ചെറുകിട വ്യവസായങ്ങൾക്ക് ലൈസൻസ് നൽകുന്നതിനുള്ള നടപടി ക്രമങ്ങൾ വ്യക്തമാക്കാമോ; | (എ) ഗ്രാമപ്രദേശങ്ങളിൽ വ്യാപാരം, വ്യവസായം, കച്ചവടം എന്നിവയ്ക്ക് ലൈസൻസ് നൽകുന്നത് 1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരമാണ്. ഇതിൽ ഭക്ഷ്യോൽപന്നങ്ങളുമായി ബന്ധപ്പെട്ട് ലൈസൻസ് നൽകുന്നതിന് മുമ്പ് ആരോഗ്യ വകുപ്പിന് റഫർ ചെയ്യേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. ജലത്തിന്റെയും അമ്ളങ്ങളുടെയും ക്ഷാരങ്ങളുടേയും, ഹീറ്റ് ട്രീറ്റ്മെന്റിന്റെയും ഉപയോഗം അന്തർഭവിച്ചിട്ടുള്ളതായ വിഷയങ്ങളിൽ മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതിയും ആവശ്യമാണ്.<br>മലിനീകരണമുണ്ടാക്കാത്ത ഒരു വ്യവസായമായി സർക്കാരിന്റെ വ്യവസായ വകുപ്പോ കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡോ സാക്ഷ്യപ്പെടുത്തിയിട്ടുള്ളതും 5 കുതിരശക്തിയിൽ കുറവ് ശേഷിയുള്ളതുമായ യന്ത്രങ്ങൾ സ്ഥാപിച്ചിട്ടുള്ള വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് കേരള പഞ്ചായത്ത് രാജ് ആക്ടിലെ 233-ാം വകുപ്പിന്റെ ബി (എച്ച്) ഉപവകുപ്പിൽ ഗ്രാമപഞ്ചായത്തിന്റെ അനുവാദം ആവശ്യമുള്ളതല്ല എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ഇത്തരത്തിലുള്ള ചെറുകിട വ്യവസായങ്ങൾക്ക് മലിനീകരണ നിയന്ത്രണ ബോർഡ്, ഫയർ ആന്റ് സേഫ്റ്റി വിഭാഗങ്ങളുടെ അനുമതി ആവശ്യമുണ്ടോ എന്ന് വ്യക്തമാക്കാമോ; | (ബി) | കാർഷിക ആവശ്യത്തിന് സ്ഥാപിച്ചിട്ടുള്ള വൈദ്യുതി കൊണ്ടും അല്ലാതെയും പ്രവർത്തിക്കുന്ന ഉപകരണങ്ങൾ സ്ഥാപിച്ചിട്ടുള്ള ഉൽപാദന യൂണിറ്റുകളോ, വ്യവസായ യൂണിറ്റുകളോ സ്ഥാപിക്കുന്നതിന് ഗ്രാമപഞ്ചായത്തിന്റെ അനുവാദം ആവശ്യമില്ല എന്ന് കേരള പഞ്ചായത്ത് രാജ് ആക്ട് 231 (ബി) വകുപ്പിന്റെ (ബി) ഉപവകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. |
| (സി) | എങ്കിൽ പരിസ്ഥിതി മലിനീകരണമുണ്ടാക്കാത്ത വിധം കൃഷി അധിഷ്ഠിത ചെറുകിട വ്യവസായ യൂണിറ്റുകൾക്ക് ലൈസൻസ് നൽകുന്നതിനുള്ള വ്യവസ്ഥ ഉദാരമാക്കമോ? | (സി) | 5 കുതിരശക്തിയിൽ കുറവ് ശേഷിയുള്ളതായ യന്ത്രങ്ങൾ സ്ഥാപിച്ചിട്ടുള്ള വ്യവസായങ്ങൾക്ക് നിലവിൽ പഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമില്ല (കേരള പഞ്ചായത്ത് രാജ് ആക്ട് 233 ബി (എച്ച്). |

സെക്ഷൻ ഓഫീസർ